# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3588** **14/03/2017-ൽ മറുപടിക്ക്**

**ബഹുനില മന്ദിരങ്ങളുടെ ഫയർ ആന്റ് റസ്ക്യൂ നിബന്ധനകൾ**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) നഗരവത്ക്കരണത്തിന്റെ ഭാഗമായി ഉയർന്നു വരുന്ന ബഹുനില മന്ദിരങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ഫയർ ആന്റ് റെസ്ക്യൂ എന്തെല്ലാം നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | എ) | കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിൽ അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട നിബന്ധനകളാണ് വകുപ്പ് നിർദ്ദേശിക്കുന്നത്. |
| ബി) ബഹുനില മന്ദിരങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ഫയർ ആന്റ് റെസ്ക്യൂ നിർദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; അവയ്ക്ക് ലൈസൻസ് നൽകുന്നത് എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | ബി) | ബഹുനില മന്ദിരങ്ങളിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിലെ അഗ്നി സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും ലൈസൻസ് നൽകുന്നില്ല. പകരം ഫയർ സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്, സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ എന്നിവയാണ് നൽകി വരുന്നത്. ലൈസൻസ് നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. |
| സി) എറണാകുളം നഗരത്തിൽ എം.ജി. റോഡിലെ സെൻട്രൽ സ്ക്വയർ മാളിന് ഫയർ ആന്റ് റെസ്ക്യൂ ലൈസൻസ് നൽകിയിട്ടുണ്ടോ; | സി) | നൽകിയിട്ടില്ല. |
| ഡി) ഇവിടെ പ്രവർത്തിക്കുന്ന മൾട്ടിപ്ലക്സ് തിയറ്ററുകൾക്ക് ഫയർ ആന്റ് റെസ്ക്യൂ ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**